LIBRARY ARCHIVES Kerala Legislative Assembly

തുറമുഖങ്ങളുടെ വികസന പ്രവർത്തനങ്ങൾ

166 [3692] *ശ്രീ. മഞ്ഞളാംകുഴി അലി:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ തുറമുഖങ്ങളുടെ ഇപ്പോൾ നടന്നു വരുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും വകയിരുത്തിയിരിക്കുന്ന തുകയും അതിൽ എത്ര ശതമാനം പണി പൂർത്തിയാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ;

(ഡി) വിഴിഞ്ഞം തുറമുഖത്തിന്റെ പണി പൂർത്തിയാകുന്നതോടെ കൈവരിക്കാൻ കഴിയുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തുമോ?

ഉത്തരം

(എ) ചില ഹാർബറുകളിൽ നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ചരക്ക് ഗതാഗതം വികസിപ്പിക്കുന്നതിന്റെ ഭാഗമായി തങ്കശ്ശേരി കാർഗോബെർത്തിന്റെ നിർമ്മാണപ്രവർത്തി പുരോഗതിയിലാണ്. വിഴിഞ്ഞത്ത് കാർഗോബെർത്ത് നിർമ്മാണ പ്രവർത്തിക്കുള്ള പുനർ ദർഘാസ് പരിശോധനയിലാണ്. അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളുടെ വികസന പ്രവർത്തനങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഇതിനുപുറമെ സ്വകാര്യ പങ്കാളിത്തത്തോടുകൂടി വിഴിഞ്ഞം, ആലപ്പുഴ, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങൾ വികസിപ്പിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പദ്ധതിയും സർക്കാർ വകയിരുത്തിയ തുകയും പണി പൂർത്തിയാക്കിയതും ശതമാനത്തിൽ താഴെ ചേർക്കുന്നു.

1. <u>അഴീക്കൽ</u>

വകയിരുത്തിയ തുക	..	250 ലക്ഷം രൂപ
പണി പൂർത്തിയാക്കിയത്	..	ബ്രേക്ക് വാട്ടർ നിർമ്മാണം 78%
ശുദ്ധജല വിതരണ സൗകര്യം	..	100%
ഡ്രഡ്ജിംഗ്	..	പ്രവർത്തി ആരംഭിച്ചിട്ടുണ്ട്.

2. <u>ബേപ്പൂർ</u>

പദ്ധതി വിഹിതം	..	75 ലക്ഷം
100 മീറ്റർ വാർഫ്, കോമ്പൗണ്ട് വാൾ, ട്രാൻസിറ്റ് ഷെഡ്ഡിന്റെ വൈദ്യുതീകരണം എന്നിവ ഒഴികെയുള്ള പ്രവർത്തി	..	100%

ആന്തരികറോഡ്, പാർക്കിംഗ് ഏരിയ എന്നിവയുടെ പ്രവർത്തി .. 45%

2. വിഴിഞ്ഞം

പദ്ധതി വിഹിതം .. 156 ലക്ഷം

വാച്ചുമാൻ ഷെഡ്, സാനിട്ടറി സൗകര്യങ്ങൾ, ശുദ്ധജലവിതരണ സംവിധാനം, ലൈറ്റ് ഹൗസിന്റെ അറ്റകുറ്റപണികൾ .. 100%

4. തങ്കശ്ശേരി കാർഗോ ബർത്ത്

പദ്ധതി വിഹിതം .. 150 ലക്ഷം

പണിപുരോഗമിച്ചുവരുന്നു.

(സി) 2005-2006-ൽ എല്ലാ പ്രവർത്തിയും പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) സ്വകാര്യ പങ്കാളിത്തത്തോടുകൂടി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന വിഴിഞ്ഞം തുറമുഖത്തിന്റെ നിക്ഷേപകൻ സമർപ്പിക്കുന്ന പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഈ പദ്ധതിയുടെ നേട്ടങ്ങളെക്കുറിച്ച് ആധികാരികമായി വിലയിരുത്തുവാൻ കഴിയുകയുള്ളൂ.

അഴീക്കൽ ഹാർബറിന്റെ നിർമ്മാണം

167 [3693] *ശ്രീ. എ. എൻ. രാജൻ ബാബു:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ അഴീക്കൽ ഹാർബറിന്റെ നിർമ്മാണം ഏത് ഘട്ടം വരെയായി; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഹാർബർ എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അഴീക്കലിൽ കായംകുളം ഫിഷിംഗ് ഹാർബറിന്റെ ഏകദേശം 75% പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 2005-2006-ൽ പണി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

28-3-2005 ലെ നക്ഷത്ര ചിഹ്നമിടാത്ത 3538, 3546, 3548, 3549, 3559, 3571 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly